**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2371** **07-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങൾക്ക് എം.എൽ.എ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളായ എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി എം.ൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ നിലവിൽ അനുമതിയില്ലാത്തത് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഇക്കാര്യം സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം 23.06.2022 തീയതിയിലെ 2077453/എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു.ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ സാങ്കേതികവിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക്, അവയുടെ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിന് സഹായകരമായി പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി എം.എൽ.എ ആസ്തി വികസന ഫണ്ട് അനുവദിക്കുന്ന കാര്യത്തിന് പ്രത്യേക പരിഗണന നൽകുമോ എന്ന് അറിയിക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ